# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6155      20.11.2019-ൽ മറുപടിക്ക്

## സിനിമാ വ്യവസായത്തിന്റെ പുരോഗതിയ്ക്ക് നടപടികൾ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | സിനിമാ വ്യവസായത്തിന്റെ പുരോഗതിയ്ക്ക് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | സംസ്ഥാന ചലച്ചിത്ര വികസനകോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമാ വ്യവസായത്തിന്റെ പുരോഗതിയ്ക്കായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ ഇന്റർ മീഡിയറ്റ് (കളർ കറക്ഷൻ), സൗണ്ട് റിക്കാർഡിംഗ്, എഡിറ്റിംഗ്, മിക്സിംഗ്, ഗ്രീൻമാറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പുറംവാതിൽ ചിത്രീകരണത്തിനുള്ള ശീതികരിച്ച ഔട്ട് ഡോർ വാഹനങ്ങൾ, സെറ്റുകൾ, ലൈറ്റുകൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ചിത്രാഞ്ജലി പാക്കേജിൽ രജിസ്റ്റർ ചെയ്ത് സ്റ്റുഡിയോയുടെ സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിച്ച് നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് ചലച്ചിത്ര സബ്സിഡി അനുവദിക്കുന്നുണ്ട്. നിലവിൽ കെ.എസ്.എഫ്.ഡി.സി യുടെ കീഴിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 17 റിലീസിംഗ് തീയേറ്ററുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സിനിമാ വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി ചിത്രാഞ്ജലി സ്റ്റുഡിയോയെ ഫിലിംസിറ്റിയാക്കി നവീകരിക്കുന്നതിനായുള്ള ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ